**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2490** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിസെപ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. മോഹനൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മെഡിസെപ് രണ്ടാം ഘട്ട പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മെഡിസെപ് ഒന്നാം ഘട്ടത്തിലെ പാക്കേജുകളും നിരക്കും പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14.08.2025 തീയതിയിലെ സ.ഉ.(പി)നം.102/2025/ധന പ്രകാരം ഭരണാനുമതി ഉത്തരവാകുകയും 20.01.2026 ലെ സ.ഉ.(പി)നം.05/2026/ധന. പ്രകാരം 01.02.2026 മുതൽ രണ്ടാം ഘട്ടം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ജീവനക്കാർക്ക് ലഭിക്കുന്ന അധിക സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

- അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ 3 ലക്ഷത്തിൽ നിന്നും 5 ലക്ഷമായി ഉയർത്തിയിട്ടുണ്ട്.
- പോളിസി കാലയളവ് 2 വർഷമാണ്.
- കൂടുതൽ ആശുപത്രികളെയും ഓരോ ആശുപത്രിയിലും ലഭ്യമായ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യുന്നതാണ്.
- നിലവിലെ പാക്കേജിനു പകരം HBP 2022 (Health Benefit Package developed by National Health Authority) അടിസ്ഥാനമാക്കിയിട്ടുള്ള പാക്കേജുകളും നിരക്കുകളുമാണ് രണ്ടാം ഘട്ടത്തിൽ സ്വീകരിച്ചിരിക്കുന്നത്.
- മെഡിക്കൽ സർജിക്കൽ പാക്കേജുകൾ ഉൾപ്പെടെ നിലവിലുള്ള 1920 പാക്കേജുകളുടെ സ്ഥാനത്തു 2516 ഓളം പാക്കേജുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്.
- മുറി വാടക പ്രതിദിനം 5000/- രൂപ വരെ ലഭ്യമാകുന്നതാണ്. സർക്കാർ ആശുപത്രികളിൽ പേ വാർഡ് വാടക പ്രതിദിനം 2000/-രൂപയാണ് .
- ഒരേ സമയം, സർജിക്കൽ, മെഡിക്കൽ പാക്കേജുകൾക്ക് പരിരക്ഷ ലഭ്യമാകുന്നതാണ്
- മെഡിക്കൽ പാക്കേജുകൾക്ക് Basic rate നു ഉപരിയായി High End Medicines, Diagnostics എന്നിവയ്ക്ക് പ്രത്യേക തുക നിശ്ചയിക്കുകയും ആയത് ഇതിനോടൊപ്പം ലഭ്യമാകുന്നതുമാണ്.
- തുടർച്ചയായി ചികിത്സ തേടേണ്ട ഡേ കെയർ പ്രൊസീജയറുകളായ ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽ ഒരു One time registration സംവിധാനം ലഭ്യമാക്കുന്നതാണ്,
- മുട്ട് മാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റി വയ്ക്കൽ എന്നീ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിൽ മാത്രമായി പരിമിതപ്പെടുത്തിയത് ഒഴിവാക്കി സ്വകാര്യ ആശുപത്രികളിലും ലഭ്യമാകുന്നതാണ്. 10

ഗുരുതര / അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള അധിക പരിരക്ഷ അടുത്ത ഘട്ടത്തിലും തുടരുന്നതാണ്. ഇതിനായി രണ്ടു വർഷത്തേക്ക് 40 കോടി രൂപ ഇൻഷ്വറൻസ് കമ്പനി മാറ്റി വയ്ക്കുന്നതാണ്.

- റോഡപകടം, ഹൃദയാഘാതം, പക്ഷാഘാതം എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യങ്ങളിൽ നോൺ എമ്പാനൽ ആശുപത്രികളിൽ നടത്തിയ ചികിൽസകൾക്ക് മെഡിസെപ്പിൽ നിന്നും നൽകി വരുന്ന റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിനു 10 അധിക ചികിത്സകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്
- പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ഗുണഭോക്താക്കളുടെ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി മെഡിസെപ് കാർഡിൽ ഒരു QR code സംവിധാനം ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം ഉണ്ട്.
- രണ്ടാം ഘട്ടം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൊണ്ട് 20.1.2026 തീയതിയിലെ സ.ഉ.(പി)നം.5/2026/ധന 21.01.2026 തീയതിയിലെ സ.ഉ.(പി)നം.7/2026/ ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** മെഡിസെപ് പദ്ധതി നിലവിലുള്ള ആശുപത്രികളിൽ എല്ലാ ചികിത്സകൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**മറുപടി:** എമ്പാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യണമെന്ന വ്യവസ്ഥ കൂടി മെഡിസെപ് രണ്ടാം ഘട്ടത്തിന്റെ ധാരണപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**